ഹയർ സെക്കൻററി വിദ്യാഭ്യാസ

ഡയറക്റ്ററുടെ കാര്യാലയം

ഹൗസിങ് ബോർഡ് ബിൽഡിംഗ്

തിരുവനന്തപുരം-1

നംബർ. ICT Cell/1771/6/ HSE/2018 11/06/2018

## സ്പോർട്ട്സ് ക്വാട്ട സ്പെഷ്യൽ അലോട്ട്മെൻറ് അഡ്മിഷൻ

## വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

സ്പോർട്ട്സ് ക്വാട്ട സ്പെഷ്യൽ അലോട്ട്മെൻറ് റിസൾട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 8 അക്കങ്ങളുള്ള സ്പോർട്സ് അപേക്ഷാ നമ്പരും ജനനതീയതിയും നൽകി ജില്ല സെലക്ട് ചെയ്ത് എന്ന "Sports Allotment Results" ലിങ്കിലൂടെ റിസൾട്ട് പരിശോധിക്കാവുന്നതാണ്.അലോട്ട്മെൻറ് ലഭിച്ച വിദ്യാർത്ഥികൾ പ്രസ്തുത ലിങ്കിൽ നിന്നും ലഭിക്കുന്ന 2 പേജുള്ള അലോട്ട്മെൻറ് ലെറ്ററിൻെറ പ്രിൻറൗട്ടെടുത്ത് സ്പോർട്സ് കൗൺസിലിൽ നിന്നും നൽകിയ സ്കോർകാർഡ്, അസ്സൽ സർട്ടിഫിക്കറ്റുകൾ(യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്,വിടുതൽ സർട്ടിഫിക്കറ്റ്, സ്വഭാവ സർട്ടിഫിക്കറ്റ്, സ്പോർട്ട്സ് മികവു തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ)സഹിതം അലോട്ട്മെൻറ് ലഭിച്ച സ്കൂളിൽ പ്രവേശനത്തിനായി ഹാജരാക്കേണ്ടതാണ്.ഒന്നാം ഓപ്ഷനിൽ അലോട്ട്മെൻറ് ലഭിക്കുന്ന വിദ്യാർത്ഥികൾ ഫീസടച്ച് സ്ഥിരപ്രവേശനം നേടണം.താഴ്ന്ന ഓപ്ഷനിൽ അലോട്ട്മെൻറ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് താത്കാലിക പ്രവേശനമോ അല്ലെങ്കിൽ നില നിൽക്കുന്ന ഉയർന്ന ഓപഷനുകൾ റദ്ദ് ചെയ്ത് സ്ഥിരപ്രവേശനമോ നേടാം. സ്ഥിരപ്രവേശനം നേടുന്നവർ ഫീസടക്കേണ്ടതാണ്

അലോട്ട്മെൻറ് ലഭിച്ച വിദ്യാർത്ഥികൾ ജൂൺ 12 ന് രാവിലെ 10 മണി മുതൽ ജൂൺ 13 വൈകിട്ട് 5 മണിയ്ക്ക് മുമ്പ് പ്രവേശനം നേടേണ്ടതാണ്

ഡയറക്ടർ